# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

ക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : **2847.** 12..10..2011-ൽ മറുപടിക്ക്

## കൽപ്പറ്റയിലെ മിൽമ ഡയറി പ്രോജക്ട്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം. വി.ശ്രേയാംസ് കുമാർ** | **ശ്രീ. കെ.സി. ജോസഫ്,**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)** |
| എ) കൽപ്പറ്റയിൽ പ്രവർത്തനം ആരംഭിച്ച മിൽമ ഡയറി പ്രോജക്ടിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;<br><br>ബി) പ്രസ്തുത പ്രോജക്ടിന്റെ പ്രവർത്തനം വിപുലീകരിക്കാൻ എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്തുമോ; | (എ) & (ബി) കൽപ്പറ്റയിൽ പ്രതിദിനം 50000 ലിറ്റർ സംഭരണശേഷിയുള്ള ഡയറി പ്ലാന്റ് ഇപ്പോൾ നിലവിലുണ്ട്. ഇത് പ്രതിദിനം 100000 ലിറ്റർ സംസ്ക്കരണശേഷിയുള്ള ഡയറി ആക്കുവാനുള്ള പ്രാരംഭപണികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന് ആവശ്യമായ നിർമ്മാണ ജോലികൾ, യന്ത്രങ്ങൾ സ്ഥാപിക്കൽ എന്നിവ ഈ പദ്ധതിയിലുണ്ട്. ഈ പദ്ധതിക്ക് ആർ.എസ്.വി.വൈ.യിൽ നിന്നും 4.10 കോടി രൂപ അനുവദിച്ച് ലഭ്യമായിട്ടുണ്ട്. |
| സി) മിൽമയുടെ നേതൃത്വത്തിൽ വയനാട് ജില്ലയിൽ നടപ്പിലാക്കിയ മറ്റ് വിപുലീകരണ പ്രവർത്തനങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ? | (സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ക്ലീൻ മിൽക്ക് പ്രോഗ്രാമിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ ബൾക്ക് മിൽക്ക് കൂളറുകൾ സ്ഥാപിച്ചു. കിടാരി വികസന പരിപാടി, ഫാം സപ്പോർട്ട്, കർഷകർക്കും കന്നുകാലികൾക്കും അപകട, സ്വാഭാവിക മരണ ഇൻഷുറൻസ് പദ്ധതിയും വയനാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.